CHELLANAM WATER SUPPLY—PARTICULARS REGARDING.

231. മിസ്റ്റർ. ബി. എം. പീറർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവൺമെണ്ടു സദയം മറുപടി പറയുമൊ:—

(*a*) ചെല്ലാനം പൈപ്പു ലയിനിലേക്കു വെള്ളത്തിയിൽ നിന്നു് എത്ര മണിക്കൂർ വീതം ദിവസേന പമ്പുചെയ്യുന്നുണ്ടു്;

(*b*) വേനൽക്കാലാരംഭത്തോടുകൂടി പമ്പിംഗ് സമയം വല്ലതും കുറച്ചിട്ടുണ്ടോ;

(*c*) ഉണ്ടെങ്കിൽ എത്ര?

മിസ്റ്റർ. വി. കെ. അരവിന്ദാക്ഷ മേനോൻ: (*a*) ദിവസേന ൪ മണിക്കൂർ.

(*b*) & (*c*) ഇല്ല.

മിസ്റ്റർ ബി. എം. പീറർ: ഇതിനുതന്നെ എത്ര മണിക്കൂറാണു് ചെല്ലാനം പൈപ്പു ലൈനിലേക്കു പമ്പുചെയ്തിരുന്നതു്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: നാലു മണിക്കൂർ.

മിസ്റ്റർ ബി. എം. പീറർ: നാലു മണിക്കൂർ ഇപ്പോൾ പമ്പുചെയ്യുന്നതല്ലെ? ഇതിനുമുമ്പു് അഞ്ചു മണിക്കൂറല്ലെ പമ്പുചെയ്തിരുന്നതു്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: നോട്ടീസു് വേണം.

മിസ്റ്റർ കെ. എം. ഇബ്രാഹിം: മുമ്പു് പമ്പുചെയ്തിരുന്നതു് അഞ്ചുമണിക്കൂറായിരുന്നെങ്കിൽ ഇപ്പോൾ അഞ്ചുമണിക്കൂർ ആക്കുവാൻ എന്താണു് വിരോധം?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: മുമ്പു് അങ്ങിനെയായിരുന്നെങ്കിൽ ഇപ്പോഴും അങ്ങിനെ ചെയ്യുവാൻ വിരോധമില്ല. അതു് ഫയൽനോക്കീട്ടുവേണം തീർച്ചയാക്കുവാൻ.

RADIO LICENSES—PARTICULARS REGARDING.

232. Mr. Shabdai S. Koder (*Nominated*): Will the Government be pleased to state:—

(*a*) the number of radio licenses issued so far in the State;

(*b*) the total amount derived from them?

LIBRARY ARCHIVES Kerala Legislative Assembly